ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ കാട്ടൂർ

ഡിജിറ്റൽ മാഗസിൻ

# വൈഖരി



ലിറ്റിൽ കൈറ്റ്സ് 2018-19

# ആമുഖം



അക്ഷരങ്ങൾ വാക്കുകൾ മെനയുകയാണ്

...വാക്കുകളും വരകളും വർണ്ണങ്ങളും

ചരിത്രം രചിക്കുകയാണ് ... ഡിജിറ്റൽ

സാങ്കേതിക വിദ്യയും അക്ഷരലോകത്തു ഉത്സവം സൃഷ്ടിക്കുകയാണ്

...വൈഖരി അതിനൊരു തുടക്കമാകുകയാണ് ...സർഗ്ഗവാസനകൾ ഉരസി മിനുക്കുവാൻ ലിറ്റിൽ കൈറ്റ്സ് സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ വിദ്യാലയങ്ങളിലെ എഴുത്തിന്റെ പണിപ്പുരകൾ

വീണ്ടും സജീവമാകുന്ന ഒരു പുതിയ മുഖത്തോടെ ...രചനയുടെ ലഹരിയിൽ പുതിയ തലമുറ മാനവ സംസ്കാരത്തിന്റെ നവ ഗാഥകൾരചിക്കുമ്പോൾ നമുക്ക് പ്രതീക്ഷകളുടെ കോട്ടകൾ പണിയാം

...വായനയുടെ ...എഴുത്തിന്റെ....പുതിയ ഡിജിറ്റൽ കാലം

വരവായതിനെ ഓർത്തു സന്തോഷിക്കാം .

ഏ .പി .ഇഗ്നേഷ്യസ്

( ചീഫ് എഡിറ്റർ )

# ആശംസ



കാട്ടൂർ ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്ക്രൂളിലെ ലിറ്റിൽ കൈറ്റ്സ്  "വൈഖരി "എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുവെന്ന് അറിയുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. വിദ്യാർത്ഥികളിൽ വിവരസാങ്കേതിക വിദ്യയുടെ നൂതന സങ്കേതങ്ങൾ പരിചയപ്പെടുത്തുന്ന ലിറ്റിൽ കൈറ്റസ് നമ്മുടെ വിദ്യാർത്ഥികൾസ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്നാണ് ഈ മാഗസിൻ നിർമാണം വിളിച്ചോതുന്നത്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ആശംസകൾ അർപ്പിക്കുന്നു. അതോടൊപ്പം "വൈഖരി "ക്ക് എല്ലാവിധ വിജയവും നേരുന്നു.

സസ്നേഹം

**യേശുദാസ് .പി.ജെ**

**പ്രിൻസിപ്പാൾ**



# ആശംസ

കാട്ടൂർ ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ആയ "വൈഖരി" ഒരു പുതിയ ചുവടു വെയ്പാണ്. കാലത്തിന് മുൻപേ ഗമിക്കുന്ന ഡിജിറ്റൽ യുഗത്തിൽ കുട്ടികൾ അവരവരുടെ സർഗ്ഗ സൃഷ്ടികൾ ഒറ്റ ക്ലിക്കിലൂടെ ലോകം മുഴുവൻ ഉള്ള സാഹിത്യ പ്രേമികളുടെ മുൻപാകെ സമർപ്പിക്കുകയാണ്. വായിക്കുക ആസ്വദിക്കുക............

എല്ലാ വിജയാശംസകളും

ഇഗ്നേഷ്യസ് എ. പി.
ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

**ഏ .പി .ഇഗ്നേഷ്യസ്**

### സ്റ്റാഫ് എഡിറ്റേഴ്സ്

**ഇഗ്നേഷ്യസ് കെ .എ .**

**റാണിമോൾ**



### സ്റ്റുഡന്റ് എഡിറ്റേഴ്സ്

1 .ദർശന സുനിൽ
2 .ലയ രതീഷ്
3 .സാനിയ സൈമൺ
4 .മേരി ലിഡിയ വി .എം .
5 .സാനിയ സെബാസ്റ്റ്യൻ
6 .തുഷാർ വിനോദ്
7 .ആഷിക് ആന്റണി
8 .ജിതീഷ് എം .

# MOTHER



Helping nature
positive attitude
unique character
sweet smile
devotional heart
make my loving mother.

By,
**SANIYA SIMON**
**IX:A**

# ബാല്യത്തെ തേടി ഞാൻ




കാലങ്ങൾ മാറുമതിൻ ഓളങ്ങൾ തീരുമതിൽ
ഞാനെന്റെ ബാല്യത്തെ തേടിടുമ്പോൾ
പ്രായമതേറെയായ് വാർദ്ധ്യക്യം ബാക്കിയായ്
ബാല്യത്തെ തേടി ഞാൻ പോവുകയാണ്.
എൻഗ്രാമവീഥിയിൽ ഞാനെന്റെ ബാല്യത്തെ തേടിടുമ്പോൾ
പിന്നിൽ നിന്നാരോ വിളിച്ചെന്നെ.........
നീ വരുന്നോ കളിയാടീടാൻ
ഞാൻ തിരിഞ്ഞനേരം നോക്കുമ്പോൾ
എൻ സഹപാഠികൾ അങ്ങുദൂരെ
ചുക്കിചുളുങ്ങിയാ മുഖവും പിന്നെ
മുടിയിഴനാരുകൾ വെളുത്തതുമായ്
മാവിൻ തണലിൽ മാമ്പഴം തിന്നുന്ന
ബാല്യത്തിൻ പുതുമുഖം എന്റെ മുന്നിൽ
ഓടിയണച്ച ഞാൻ ചെന്നരികിൽ പിന്നെ
മാമ്പഴം തന്നവർ സ്വീകരിച്ചുഎന്നെ
ബാല്യത്തിൻ പുതുമുഖം ആസ്വദിക്കാൻ
വാ എന്റെ മാവിൻ ചുവട്ടിൽ നീയും

By
Abhirami Sudarsanan
IX: A

## കുഞ്ഞാനയുടെ മൂക്ക്


ഒരു ദിവസം ഇല്ലിക്കാടുകൾക്കിടയിൽ ഇല കടിച്ച് രസിക്കുന്നതിനിടെ കുഞ്ഞാന ഒരു പതിഞ്ഞ സംസാരം കേട്ടു കാട്ടരുവിയിൽ ഒരു മുതല വന്ന് താമസം തുടങ്ങിയത്രേ. മുതലയോ? അതാരാ? കുഞ്ഞാന ആലോചിച്ചു. അവൻ ഇതുവരെ മുതലയെ കണ്ടിട്ടില്ല . മുതലയുടെ ദേഹം പാറ പോലെ ഇരിക്കും . വാലിനെന്തു വലിപ്പം ആണെന്നോ? കുരങ്ങച്ചൻ വിവരിക്കുകയാണ്. കഴുത ചേട്ടൻ വായും പിളർന്ന് നോക്കി ഇരിക്കുന്നു. അവനെ കണ്ടാലെ പേടിയാവും. എനിക്കു കാണണ്ട കഴുത പറഞ്ഞു. എന്തായാലും മുതലയെ കാണണം . കുഞ്ഞാന തീരുമാനിച്ചു. മുതലയെ കണ്ടാൽ മാത്രം പോരാ. മുതലപ്പുറത്തു കയറി പുഴയിലൊക്കെ കറങ്ങി നടക്കണം. കുഞ്ഞാന കൂട്ടുകാരനായ കുഞ്ഞിക്കരടിയുടെ വീട്ടിലെത്തി ചോദിച്ചു. മുതല പുഴയിൽ വന്നിട്ടുണ്ടത്രേ. നമുക്കു പോയി കണ്ടാലോ?അയ്യോ! മുതലയെ കാണാനൊന്നും ഞാനില്ല! കുഞ്ഞിക്കരടി പറഞ്ഞു. എനിക്ക് അച്ഛന്റെ കൂടെ തേൻ എടുക്കാൻ പോകണം. കുഞ്ഞാന കൂട്ടുകാരൻ കടുവക്കുട്ടന്റെ അടുത്തെത്തി കാര്യം പറഞ്ഞു. ഞാനില്ല . എനിക്ക് അച്ഛനോടൊപ്പം വേട്ടയാടൽ പഠിക്കാൻ പോകണം. കടുവക്കുട്ടൻ പറഞ്ഞു. കുഞ്ഞാന പുലിക്കുട്ടന്റെ അടുത്തെത്തി. അവൻ പറഞ്ഞു . എനിക്ക് അമ്മയോടൊപ്പം മരം കയറ്റം പഠിക്കാൻ പോകണം കുഞ്ഞാന കാട്ടരുവി കരയിലേക്കു നടന്നു. കുറച്ചു നടന്നപ്പോൾ ജിറാഫമ്മയും കുട്ടിയും പച്ചില തിന്നുന്നതു കണ്ടു. മുതലയെ കാണാനൊന്നും ഞാനില്ല. ജിറാഫമ്മ പറഞ്ഞു. അപ്പോൾ കുഞ്ഞാന കുഞ്ഞിജിറാഫിനെ ക്ഷണിച്ചു. അവനു വരാൻ മോഹമുണ്ടായിരുന്നു.പക്ഷേ ജിറാഫമ്മ പറഞ്ഞു അവനെ വിളിക്കണ്ട. അവൻ തല ഉയരത്തിലേക്കു പൊക്കാൻ പഠിക്കുകയാ.കുഞ്ഞാന ഒറ്റയ്ക്ക് കാട്ടരുവിക്കരയിലെത്തി. മുതല കരയിൽ കയറി വെയിൽ കായുകയാണ്. ഇവൻ ചത്തോ? ആനക്കുട്ടി മുതലയ്ക്ക് ഒരു തട്ടു കൊടുത്തു. മുതല ഞെട്ടി കണ്ണു തുറന്നു. അവൻ കുഞ്ഞാനയെ കണ്ടു. പക്ഷെ, മെല്ലെ വീണ്ടും കണ്ണടച്ച് ചത്തതു പോലെ കിടന്നു. കുഞ്ഞാന അവന്റെ മൂക്കിനടുത്തു പോയി ശ്വാസം വരുന്നുണ്ടോ എന്നു പരിശോധിച്ചു. അടുത്തെത്തിയതും മുതല കുഞ്ഞാനയുടെ മൂക്കിൽ ഒറ്റക്കടി! ആനക്കുട്ടി കുതറി രക്ഷപ്പെടാൻ നോക്കി. പക്ഷെ മുതല വിട്ടില്ല. കുഞ്ഞാന ആഞ്ഞുവലിച്ചു. അതോടെ അവന്റെ മൂക്ക് നീളാൻ തുടങ്ങി. ഒടുവിലത് അവന്റെ കാലിനോളം നിളം വെച്ചു. അതിനു നല്ല ശക്തിയും വന്നു. അവൻ നീളൻ മൂക്ക് കുടഞ്ഞു രക്ഷപ്പെട്ടു. വീണു കിടക്കുന്ന മുതല പുഴയിലേയ്ക്ക് ഊളിയിട്ട് രക്ഷപ്പെട്ടു. കാട്ടിലെത്തിയ കുഞ്ഞാനയുടെ നീളൻ മൂക്ക് കണ്ട് കൂട്ടുകാർ ഞെട്ടി. അവർ അവനോട് ചോദിച്ചു: “ ഹായ് നല്ല രസമുണ്ടല്ലോ, നിനക്കെവിടുന്നാണ് ഈ നീളൻ മൂക്ക് കിട്ടിയത് ?” കുഞ്ഞാന പറഞ്ഞു: “ഇത് എനിക്ക് മുതലക്കുട്ടൻ തന്നതാ .”അന്നു മുതൽ ആ മുതലയെ കാണാൻ നദിക്കരയിൽ പോയി നിൽക്കാറുണ്ട്.



**by**
**Anjana yesudas**
**IX : A**

# Butterfly

*Being with an egg*
*Underneath the shell is a caterpillar*
*Teeth to chew through and come*
*out of the shell*
*Trying to eat a lot of plants*
*Each time it grows, it sheds its*
*skin*
*Reaches on a plant to make*
*chrysalis*
*Forms wings*
*Leaves the chrysalis as a*
*butterfly*
*Young caterpillars is gone , now it is a*
*BUTTERFLY*



*By*
*Darsana Sunil*
*IX: A*

# All about me




Ten little fingers
Ten little toes
Two little ears
And one little nose
Two little eyes
That shine so bright
Two little lips
To kiss you
Good night

**By,**
**Aparna Gireesh Kumar**
**IX:C**

# വാശി

**കേമപുരം എന്ന സ്ഥലത്ത് കേശു എന്നും വാസു എന്നും പേരുള്ള രണ്ട് അയൽക്കാർ ഉണ്ടായിരുന്നു. ഒരിക്കൽ അവർ രണ്ടുപേരും ദോശ തിന്നുവാനായി ഒരു വാതു വെച്ചു. വാശിയിൽ തോറ്റാൽ വലതുവശത്തെ മീശ എടുക്കാമെന്നായി കേശു. ആശപോലെ തന്നെ കേശു വാശിയിൽ തോറ്റു. മീശ മുഴുവനായി എടുക്കുകയും ചെയ്തു. അപോൾ വാസു എതിർത്തു പറഞ്ഞു; നമ്മൾ വാതു വച്ചത് വലത്**
**വശത്തെ മീശ എടുക്കാമെന്നല്ലേ? നീ എന്നിട്ട് എന്തിനാണ് മുഴുവൻ മീശയും കളഞ്ഞത് ? കേശു പറഞ്ഞു ;ഞാൻ ആദ്യം വലതു മീശ എടുക്കാനാണ് പോയത് . എന്നാൽ അത് സ്ഥാനം മാറി ഇടതു മീശയായിപ്പോയി . അപ്പോഴാണ് ഞാൻ നമ്മുടെ വാതുവെപ്പിന്റെ കാര്യം ഓർത്തത്. പിന്നീട് ഞാൻ വലതു വശത്തെ മീശയും കളഞ്ഞു. വാസു നാണിച്ചു പോയി.**

**by,**
**saniya simon**
**IX. A**



# സ്പേസ് എലിവേറ്റർ

ഏണിയിൽ കയറി ബഹിരാകാശത്തേക്ക് ഒന്ന് പോയാലോ ....ഒരിക്കലും നടക്കാത്ത സുന്ദര സ്വപ്നമെന്നു പറഞ്ഞു കളയാൻ വരട്ടെ ..അത് യാഥാർഥ്യമാകാൻ പോകുകയാണ് അതാണ് സ്പേസ് എലിവേറ്റർ എന്ന ബഹിരാകാശ ഏണി .2040 കളിൽ സ്പേസ് എലിവേറ്റർ പ്രവർത്തന



ക്ഷമമാകുമെന്ന് ശാസ്ത്രലോകം കരുതുന്നു .എന്താണീ സ്പേസ് എലിവേറ്റർ ...ബഹിരാകാശത്തു എത്തിച്ചേരാനായ് നിർദേശിക്കപ്പെട്ടിട്ടുള്ള ഒരു ഗതാഗത സംവിധാനമാണ് ഇത് .റോക്കറ്റുകൾക്കും സ്പേസ് ഷട്ടിലുകൾക്കും ശേഷം ശാസ്ത്രലോകം കണ്ടെത്തിയ പുതിയ കണ്ടുപിടുത്തമാണ് സ്പേസ് എലിവേറ്റർ .റോക്കറ്റുകളുടെ സഹായമില്ലാതെ ബഹിരാകാശപേടകങ്ങളെ ഒരു കേബിൾ വഴി ശൂന്യാകാശത്തിൽ എത്തിക്കാൻ കഴിയും .പാരിസിലെ ഈഫൽ ടവറിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് റഷ്യൻ ശാസ്ത്രജ്ഞനായ കോൺസ്റ്റെയിൻ സിയോൾ കോവിസ്കി 1895 ൽ സ്പേസ് എലിവേറ്റർ എന്ന ആശയം അവതരിപ്പിച്ചത് .ഭൗമോപരിതലത്തിൽ നിന്ന് 35790 കിലോമീറ്റർ വരെ ഉയരത്തിൽ ഭൂസ്ഥിര ഭ്രമണപഥം വരെ എത്തുന്ന വിധം ഒരു ഗോപുരമായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത് .തുടക്കത്തിൽ പ്രായോഗികമല്ലാത്ത ആശയം എന്ന് പറയപ്പെട്ടെങ്കിലും ഇന്ന് ആധുനീക ശാസ്ത്രലോകം വളരെ പ്രതീക്ഷയോടെ ഇതിനെ കാത്തിരിക്കുന്നു .

**Saniya Simon**
**IX A**

# SMILE



***Structure***
***Meaning***
***Imagery***
***Language***
***Effect on reader***

***By,***
***Abhirami P.A.***
***IX:A***

# MATHS PUZZLES



1) 1+1+1= 13
1+1+2= 24
1+1+3= 35
1+1+6= ?

Ans:- 48

2) 1+4= 5
2+5=12
3+6=21
8+11=?

Ans:- 40

3) 3, 2, 4= 10
4, 3, 5= 17
5, 4, 6= 26
6, 5, 7= 36
7, 6, 8= ?

Ans:- 50

4)

| | | |
|---|---|---|
| 3 | 6 | 8 |
| 5 | 8 | 4 |
| 4 | 7 | ? |

Ans:- 6

5)

| | | |
|---|---|---|
| 9 | 1 | 5 |
| 4 | 8 | 3 |
| 2 | ? | 7 |

Ans:- 6

**by,**
**Leya Ratheesh**
**IX:A**

# A little seed



A little seed for me to sow
A little soil to make it grow
A little hole , a little pat,
A little wish and that is that
A little sun ,a little shower
A little while ,
And then , a flower.

By,
Leya Ratheesh
IX:A

# MOTHER'S DAY



Mom, mother or mammy........
I can call her in different ways
she is so caring and lovely
Let's celebrate this special day
She takes care of me......
Whenever i need
She is full of love
And makes my life complete.....

By,

Leya Ratheesh

# LIFE




*Life is so fragile*

*In one breath taken away*

*All gets vanished.........*

*For life-long.......*

*So be fearless........*

*Everyday is a new start*

*To line with it.........*

*By,*

*Leya Ratheesh*

*IX:A*



# കേരളം

തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്ന് 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപം കൊണ്ടു .ആദ്യം അഞ്ചു ജില്ലകൾ മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ പിന്നീടുള്ള 28 വർഷങ്ങളിൽ 14 ജില്ലകൾ രൂപം കൊണ്ടു .ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ചു വളരെ വ്യത്യസ്തതകൾ ഉള്ള ഒരു നാടാണ് .
കേരളത്തിന്റെ മനോഹരമായ ഭൂപ്രകൃതിയാണ് ഏറ്റവും എടുത്തുപറയേണ്ട സവിശേഷത .ഇടുക്കി,വയനാട് ജില്ലകളുടെ വന്യ സൗന്ദര്യം ,അലപ്പുഴയുടെ കായലഴക് ,അറബിക്കടലിന്റെ റാണിയായ കൊച്ചിയുടെ സാഗര സൗന്ദര്യം ,പ്രതാപശാലിയായ തിരുവനന്തപുരം ,ഫുട്ബോളും രാഷ്ട്രീയവും കളരിയും കൈകോർക്കുന്ന മലബാർമേഖലയും അക്ഷരനഗരിയായ കോട്ടയം ,അങ്ങനെ
എത്രയെത്ര സുന്ദര ദേശങ്ങൾ .....നമ്മുടെ നാട് വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും മുൻപന്തിയിൽ തന്നെയാണ് .കലാ സാംസ്കാരിക
സാമൂഹ്യ രംഗങ്ങളിൽ ഇന്ത്യയിൽ എന്നും ഒന്നാമത് .

MARY LIDIYA
IX A

# പ്രളയപ്പുഴ



പുഴയിൽ മുങ്ങുന്ന ജനങ്ങൾ.......
ജനങ്ങൾക്കുമുണ്ട് ഒരു കഥപറയാൻ
ഓർമ്മകളാൽ തുകി നിറഞ്ഞ ജനങ്ങൾ
ഇപ്പോൾ അറിയാതെ പൊലിഞ്ഞുപോയി
പിറക്കാൻപോയ കുഞ്ഞുങ്ങളും
ഇതിലലിഞ്ഞുപോയി.......
ഇത്രയുംനാൾ നമ്മൾ കൂട്ടിയ
സമ്പാദ്യവും ഇതിൽ
താണുപോയി
ഓർക്കുവാൻ കഴിയുന്നവരെല്ലാം
ഓർമ്മയിലായിപ്പോയി
പറയാൻ പോയതെല്ലാം പറയാതെയായി
എല്ലാം വീണ്ടടഞ്ഞ ജീവിതം
ഇരുപാട്ടു നാളായി കാത്തതും
ഇപ്പോൾ കാക്കാതായി.......
ഇത്രനാൾ നമ്മൾ ഒന്നായിനിന്നതു-
കൊണ്ട് നമ്മളുടെ ജീവൻ പൊലിയാതായി
കൂട്ടുകാരായി നിന്നവരെല്ലാം
കൂട്ടാതെ യാത്രയായി
കാടും പുൽമേടും തോരാതെ
മുങ്ങിനിറഞ്ഞു
പുഴയിൽ മുങ്ങുന്ന ജനങ്ങൾ.........
ജനങ്ങൾക്കുമുണ്ട് ഒരു കഥ പറയാൻ
പൂങ്കലയിൽ തുകിനിറഞ്ഞ ജനങ്ങൾ
ഇപ്പോൾ അറിയാതെ പൊലിഞ്ഞു പോയി...

**by,**
**THUSHAR VINOD**
**IX : A**

# കുസൃതി ചോദ്യങ്ങൾ



1) ഒറ്റയ്ക്ക് സംഘഗാനം പാടുന്ന ആൾ?

ഉത്തരം : രാവണൻ

2) വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു?

ഉത്തരം : നിഴൽ

3) ആവശ്യമുള്ളപ്പോൾ വലിച്ചെറിയും , ആവശ്യം കഴിഞ്ഞാൽ സൂക്ഷിച്ച് വെയ്ക്കും?

ഉത്തരം : വീശുവല

4) ഏതു മാസത്തിലാണ് 28 ദിവസങ്ങൾ ഉള്ളത് ?

ഉത്തരം : എല്ലാമാസത്തിലും

5) വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപമേത്?

ഉത്തരം : ബ്രേക്ക് ഡാൻസ്



by,
saniya sebastian
IX:A

# A little seed



A little seed for me to sow
A little soil to make it grow
A little hole , a little pat,
A little wish and that is that
A little sun ,a little shower
A little while ,
And then , a flower.

By,
Leya Ratheesh
IX:A

## നന്ദി ...




വാക്കുകൾ അവസാനിക്കുന്നില്ല ...അവ ചിന്തകളെ ജനിപ്പിച്ചുകൊണ്ട് യാത്ര തുടരുന്നു ...ചിന്തകളാണ് മാറ്റത്തിനു കാരണമാകുന്നത് ...പുസ്തകങ്ങളിൽനിന്നു മനസ്സുകളിലേക്ക് കുടിയേറുമ്പോളാണ് വാക്കുകൾക്ക് മൂല്യമേറുന്നത് .വൈഖരി അതിനൊരു നിമിത്തമാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു .രചനകൾ കൊണ്ട് ഈ അക്ഷരവസന്തത്തിൽ പൂക്കൾ വിരിയിക്കാൻ സഹകരിച്ച എല്ലാവരോടും നന്ദി ...

little kites unit

HFHSS,Kattoor.